# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2046 16.08.2017-ൽ മറുപടിയ്ക്ക്

**ഇതരസംസ്ഥാന ലോട്ടറികൾ**

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഇതരസംസ്ഥാന ലോട്ടറികൾ നിരോധനം ലംഘിച്ച് സംസ്ഥാനത്ത് വിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുടെ ലോട്ടറികളാണ് ഇപ്രകാരം വിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഇതര സംസ്ഥാന ലോട്ടറികൾ നിരോധനം ലംഘിച്ച് സംസ്ഥാനത്ത് വിൽപ്പന നടത്തുന്നില്ല. അനധികൃതമായി സംസ്ഥാനത്തേയ്ക്ക് കടത്തികൊണ്ടുവന്ന മിസോറാം ലോട്ടറി പിടിച്ചെടുക്കുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതരസംസ്ഥാന ലോട്ടറിയുടെ കടന്ന് വരവിന്റെ ഭാഗമായി 28.07.2017-ൽ പത്രത്തിൽ മിസോറാം ലോട്ടറിയുടെ പരസ്യം പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർശന നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് മിസോറാം ലോട്ടറി മിസോറാം സർക്കാർ പിൻവലിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന ലോട്ടറി ഏജന്റുമാർ ഇതരസംസ്ഥാന ലോട്ടറികൾ വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതരസംസ്ഥാന ലോട്ടറിയുടെ വരവ് സംസ്ഥാന ലോട്ടറിയുടെ വരുമാനത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കുന്നുണ്ടോ എന്നകാര്യം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേയ്ക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ സംസ്ഥാന ലോട്ടറി ഏജൻറുമാർ ഇതര സംസ്ഥാന ലോട്ടറികൾ, നിയമവിരുദ്ധ ലോട്ടറികൾ എന്നിവയ്ക്ക് പ്രചാരം നൽകുകയോ വില്ക്കുകയോ ചെയ്യുന്നപക്ഷം ടി ഏജൻറുമാരുടെ ഏജൻസി റദ്ദുചെയ്യുന്നതുൾ |

| | | | |
|---|---|---|---|
| | | | പ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. അന്യ സംസ്ഥാന ലോട്ടറികളുടെ വിൽപ്പന സംസ്ഥാനത്തിനകത്ത് നടക്കുന്നില്ല. ആയതിനാൽ അത് സംസ്ഥാന ലോട്ടറിയുടെ വരുമാനത്തെ ബാധിക്കുന്നില്ല. |
| (ഡി) | മിസോറാം ലോട്ടറി നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള പ്രതികരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (ഡി) | കത്ത് നൽകിയിട്ടുണ്ട്. നേരത്തെ നൽകിയ കത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. മിസോറാം ലോട്ടറി സംബന്ധിച്ച പരസ്യം പത്രത്തിൽ വരികയും അനധികൃതമായി ടിക്കറ്റുകൾ സംസ്ഥാനത്തിനകത്തേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തപ്പോൾ ശക്തമായ നടപടി ആവശ്യപ്പെട്ട് വീണ്ടും കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. കൂടാതെ, മിസോറാം സർക്കാർ, സംസ്ഥാനത്തെ ലോട്ടറി വിൽപ്പനയിൽ നിന്നും പിൻമാറിയതായി മിസോറാം സർക്കാർ സംസ്ഥാന സർക്കാരിനേയും മാധ്യമങ്ങളേയും അറിയിച്ചിട്ടുമുണ്ട്. |
| (ഇ) | 1998 ലെ ലോട്ടറി നിയന്ത്രണചട്ടപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും ഇതരസംസ്ഥാന ലോട്ടറി ഏജന്റുമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ | (ഇ) | മിസോറാം ലോട്ടറി സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുവാൻ സ്റ്റോക്ക് ചെയ്തതിന്റെ അടിസ്ഥാനത്തിൽ M/s.Teesta Distributors -ന് എതിരെ ക്രൈം നമ്പർ 892/17 U/s 7/3 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തുൾപ്പെടെ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ.**

**MOST IMMEDIATE**

**F.No.V/11019/1/2016-CSR-I**
**Government of India**
**Ministry of Home affairs**
**CSR-I Desk**
...

NDCC-II Building,Jaisisngh Road,
New Delhi, Dated :11.04.2017.

20 APR 2017

To

The Additional Chief Secretary,
Government of Kerala,
Taxes (H) Department,
Thiruvananthapuram,
Kerala.

**Subject:- Taxes Department- Request to stop the operation of Launching of Mizo Super Series of weekly lottery within the State of Kerala.**

Sir,

Please refer to letter No.922534/H1/2016/T.D. dated 2.3.2017 on the above cited subject.

2. In this regard, it is stated that the lottery scheme of Mizoram is yet to become operational in the State of Kerala and it is the duty of both states to ensure that above mentioned lottery is conducted in accordance with the provisions of the Lotteries (Regulation) Act,1998 and the Lotteries (Regulation) Rule,2017.

3. It is also mentioned that if any violation is brought to the notice of this Ministry, prompt action will be taken as per provisions of the Lottery Act and Rules.

Yours faithfully,

19/4/17
(S.K. Bhalla)
DIRECTOR (CS-I)
Ph.23438138